# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2146

26.03.2013- ൽ മറുപടിക്ക്

സഹകരണ ഓഫീസുകൾക്ക് ആസ്ഥാനമന്ദിരം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. മുരളീധരൻ :<br>ശ്രീ. എം. എ. വാഹിദ്:<br>ശ്രീ. പാലോട് രവി:<br>ശ്രീ. ആർ. സെൽവരാജ്: | | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| എ) തിരുവനന്തപുരം നഗരത്തിൽ സഹകരണ വകുപ്പിൻകീഴിൽ ഏതെല്ലാം ഓഫീസുകളാണ് പ്രവർത്തിക്കുന്നത്; | എ) | തിരുവനന്തപുരം നഗരത്തിൽ സഹകരണ വകുപ്പിന്റെ കീഴിൽ താഴെ പറയുന്ന ആഫീസുകൾ പ്രവർത്തിക്കുന്നുണ്ട്.<br>1. സഹകരണ സംഘം രജിസ്ട്രാർ ആഫീസ്.<br>2. സഹകരണ ആഡിറ്റ് ഡയറക്ടറുടെ ആഫീസ്.<br>3. ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസ്<br>4. ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) ആഫീസ്<br>5. അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസ്<br>6. അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) ആഫീസ്<br>7. സഹകരണ ആർബിട്രേഷൻ കോടതി<br>8. സഹകരണ ഓംബുഡ്സ്മാൻ.<br>9. സംസ്ഥാന സഹകരണ തിരഞ്ഞെടുപ്പ് കമ്മീഷൻ<br>10. സംസ്ഥാന സഹകരണ ട്രിബ്യൂണൽ<br>11. സംസ്ഥാന സഹകരണ വിജിലൻസ്<br>ഇതിനുപുറമേ സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ചുവടെ പരാമർശിച്ചിരിക്കുന്ന ബോർഡുകൾ/സ്ഥാപനങ്ങൾ എന്നിവയും തിരുവനന്തപുരം നഗരത്തിൽ പ്രവർത്തിക്കുന്നു.<br>1. കേരള സംസ്ഥാന സഹകരണ എംപ്ലോയീസ് പെൻഷൻ ബോർഡ്.<br>2. സഹകരണ സർവ്വീസ് എക്സാമിനേഷൻ ബോർഡ്.<br>3. കേരള സംസ്ഥാന സഹകരണ എംപ്ലോയീസ് വെൽഫെയർ ബോർഡ്.<br>4. കേരള സഹകരണ ഡെവലപ്മെന്റ് & വെൽഫയർ ഫണ്ട് ബോർഡ്.<br>5. സഹകരണ നിക്ഷേപ സുരക്ഷാ ഫണ്ട് ബോർഡ്.<br>6. കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (കേപ്പ്). |

| | | | |
|---|---|---|---|
| ബി) | വർഷങ്ങളായി സൗകര്യപ്രദമല്ലാത്ത വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഓഫീസുകൾ ഒരേ സ്ഥലത്ത് പ്രവർത്തിക്കുന്നതിനായി ഒരു ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | ബി) & സി) | സഹകരണ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം നഗരത്തിൽ, വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഓഫീസുകൾ ഒരേ സ്ഥലത്ത് പ്രവർത്തിപ്പിക്കുന്നതിനായി, ഒരു ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിന് തിരുവനന്തപുരം താലൂക്കിൽ, തൈക്കാട് വില്ലേജിൽ റീ സർവ്വേ നമ്പർ 2-ൽപ്പെട്ട 28.7 ആർ വസ്തു 19.12.2012-ലെ ജി.ഒ(എം.എസ്) നമ്പർ 480/2012/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ട്. ടി സ്ഥലത്ത് 10.01.2013-ൽ ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി കെട്ടിടത്തിന്റെ ശിലാസ്ഥാപനം നടത്തുകയുണ്ടായി.<br><br>നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് വേണ്ടി ഒരു സ്പെഷ്യൽ ആഫീസറെ നിയമിച്ചിട്ടുണ്ട്. ടി സ്ഥലത്ത് നിലവിലുള്ള പഴയ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ആഫീസ് മറ്റൊരു കെട്ടിടത്തിലേക്ക് മാറ്റി പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. നിലവിലുള്ള പഴയ കെട്ടിടം പരസ്യമായി ലേലം ചെയ്ത് പൊളിച്ചു മാറ്റുന്നതിന് പി.ഡബ്ല്യൂ.ഡി ബിൽഡിംഗ്സ് വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| സി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; | | |

**സെക്ഷൻ ഓഫീസർ**